**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **07-10-2021 - ൽ മറുപടിയ്ക്ക്**

**ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നത്; ഇവർക്കായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) | പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹ ത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി അടിസ്ഥാനവിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി പൊതുവിദ്യഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിൽ സാമ്പത്തിക സഹായം നൽകി വരുന്നു. 40% മോ അതിലധികമോ വൈകല്യങ്ങൾ ഉള്ളവർക്ക് എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നു. ഭിന്നശേഷി കുട്ടികൾക്ക് ഓൺലൈൻ ഡിജിറ്റൽ പഠന ത്തിന്റെ ഭാഗമായി പാഠഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ അനുരൂപീകരണം നടത്തി 'വൈറ്റ് ബോർഡ്' യൂട്യൂബ് ചാനൽ, വെബ്സൈറ്റ് എന്നിവയുടെ സഹായത്തോടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ കുട്ടികളിലെത്തിക്കുന്നു. ചങ്ങാതിക്കൂട്ടം പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഒരു ജില്ലയിൽ ഒന്ന് ക്രമത്തിൽ കിടപ്പിലായ കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷം അനുഭവവേദ്യമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഒരു ഇടം ഒരുക്കി അവിടെ എത്തിച്ച് അവർക്ക് മറ്റു കുട്ടികളുമായും സ്കൂൾ അന്തരീക്ഷവുമായും ഇണങ്ങുന്നതി നായി എസ്.പി.എ.സി.ഇ എന്ന പദ്ധതി ആരംഭിച്ചു. മെഡിക്കൽ ക്യാമ്പുകൾ നടത്തി അർഹരായ എല്ലാ കുട്ടികൾക്കും തെറാപ്പി പരിചരണം ഉൾപ്പെടെ യുള്ള ആവശ്യമായ സഹായം നൽകുന്നു. ടാക്കിംഗ് ടെസ്റ്റ്/ ശബ്ദപാഠം പദ്ധതി ആരംഭിച്ചു. ഓട്ടിസം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുവരുന്നു. കാഴ്ചപരിമിതർക്ക് ബ്രെയിലി മെറ്റീരിയലുകൾ നൽകിവരുന്നു. 6934 |

| | | | |
|---|---|---|---|
| | | | കിടപ്പിലായ കുട്ടികൾക്ക് ഹോം ബെയ്സ്ഡ് വിദ്യാഭ്യാസ പദ്ധതി, പുസ്തക ചങ്ങാതി എന്നീ പദ്ധതികൾ നടന്നു വരുന്നു. ഭിന്നശേഷി കുട്ടികൾ, കുടുംബാംഗങ്ങൾ, അധ്യാപകർ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ എന്നിവർ ആഴ്ചയിൽ ഒരു പ്രാവശ്യം ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്ന 'ജാലകങ്ങൾക്കപ്പുറം' പദ്ധതി നടന്നു വരുന്നു. പൊതുവിദ്യാലങ്ങളിൽ നിയമിക്ക പ്പെട്ട കായിക അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി കുട്ടികൾക്കായി കായിക പരിശീലനം നടത്തി വരുന്നു. കൂടാതെ, ഭിന്നശേഷി കുട്ടികൾക്കായി മുദ്രികാപഠനം, ശ്രുതിപാഠം - ഓഡിയോലൈബ്രറി, ഗണനിപ്രഭ, സമീക്ഷാപദ്ധതി, തേൻകൂട് എന്നീ പദ്ധതികളും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് പരീക്ഷാ സഹായത്തിന് സ്ക്രൈബിനെ അനുവദിക്കുന്നുണ്ടോ; ഈ വർഷത്തെ എസ്.എസ്.എൽ.സി. ഹയർസെക്കന്ററി പൊതു പരീക്ഷകളിൽ എത്ര വിദ്യാർത്ഥികൾക്കാണ് ഈ സേവനം ലഭ്യമായിട്ടുള്ളത്? | (ബി) | ഉണ്ട്. 2021 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 10,168 കുട്ടികൾക്കും, ഹയർ സെക്കന്ററി പരീക്ഷയ്ക്ക് 10,608 കുട്ടികൾക്കുമാണ് സ്ക്രൈബിന്റെ സേവനം ലഭ്യമാക്കിയത്. |

സെക്ഷൻ ഓഫീസർ